8. ഈസ്റ്റ് നെടുമങ്ങാട് - 107.91 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്

9. ചക്കരച്ചാൽ -129.20 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്

10. എറണാകളം ജില്ലയിലെ ജൈവ വൈപ്പിൻ പ്രദേശത്തെ കനാലുകളുടെ പുനരുദ്ധാരണം - 3691.78 ലക്ഷം രൂപ 10 പ്രവൃത്തികളായി തിരിച്ച് 7 പ്രവൃത്തികൾ ടെണ്ടർ ചെയ്തു. 3 എണ്ണത്തിന് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) ചെമ്മീൻ കെട്ട് നടക്കുന്നതിനാൽ സ്ലൂയിസ്, എഞ്ചിൻതറ എന്നിവയുടെ പണികൾ ഏപ്രിൽ 14-ന് ശേഷമേ ആരംഭിക്കുവാൻ കഴിയുകയുള്ളു. ഉപ്പുവെള്ളത്തിന്റെ കാഠിന്യമുള്ളതിനാൽ മേസന്റെ പണികൾ മൺസൂൺ സീസണിൽ മാത്രമേ ആരംഭിക്കുവാൻ സാധിക്കുകയുള്ളു.

(ഡി) RIDF XX-ലെ പദ്ധതികൾക്ക് നബാർഡ് അനുവദിച്ചിട്ടുള്ള പൂർത്തീകരണ കാലാവധി 31-3-2018 വരെയാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ

127 (2960) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയാണോ നടത്തുന്നത്;

(ബി) ബ്യൂറോയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഫോട്ടോഗ്രാഫർമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന് സ്വീകരിച്ച മാനദണ്ഡം വിശദമാക്കുമോ ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) കരാർ അടിസ്ഥാനത്തിൽ നിയമിച്ചതിന്റെ മാനദണ്ഡം വിശദമാക്കുമോ?

ഉത്തരം

(എ) അതെ.

(ബി&സി) ഫോട്ടോഗ്രാഫർ/ഫോട്ടോ ആർട്ടിസ്റ്റ് തസ്തിക വളരെക്കാലമായി ഒഴിഞ്ഞുകിടക്കുന്നതിനാൽ സർക്കാരിന്റെ പദ്ധതികളുടെയും പൊതു പരിപാടികളുടെയും ശരിയായ ഡോക്യുമെന്റേഷൻ ഉറപ്പുവരുത്തുന്നതിലേയ്ക്കാണ് ഫോട്ടോഗ്രാഫറെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചത്. പ്രസ്തുത നിയമനത്തിന് സ. ഉ. (എംഎസ്.) നമ്പർ 245/2014/കൃഷി തീയതി 25-10-2014 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly